# കേരള കാർഷിക സർവ്വകലാശാല
# പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം (ദക്ഷിണ മേഖല),
# കാർഷിക കോളേജ്, വെള്ളായണി

നം.ആർ.എ.ആർ.എസ് (എസ്.ഇസഡ്)/7/4004/25 തിയ്യതി 22/12/2025

താഴെ പറയുന്ന ആർ.എ.ആർ.എസ് (എസ്.ഇസഡ്) ഓഫീസ് കെട്ടിടത്തിലെ ഭാഗങ്ങളിലെ ജനലുകളും വാതിലുകളും പോളിഷ് ചെയ്യുന്ന ജോലിയ്ക്കായി മുദ്രവെച്ച കവറിൽ മത്സര ക്വട്ടേഷനുകൾ ക്ഷണിക്കുന്നു

ആർ.എ.ആർ.എസ് (എസ്.ഇസഡ്) ഓഫീസ് കെട്ടിടത്തിൽ പെയിന്റിംഗ് നടത്തിയ ഭാഗത്തെ ജനലുകളും വാതിലുകളും പോളിഷ് ചെയ്യുന്ന ജോലിയ്ക്കായി ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. നിരക്കുകൾ അടങ്ങിയ മുദ്രവച്ച ക്വട്ടേഷനുകൾ, ഇനിപ്പറയുന്ന വ്യവസ്ഥകൾ പ്രകാരം, **06/01/2026** തിയ്യതി **2 PM** ന് മുൻപ് ഓഫീസിൽ ലഭിച്ചിരിക്കണം.

വ്യവസ്ഥകൾ

1. ആർ.എ.ആർ.എസ് (എസ്.ഇസഡ്) ഓഫീസ് കെട്ടിടത്തിൽ പെയിന്റ് ചെയ്ത ഭാഗത്തെ ജനലുകളും വാതിലുകളും നിലവിൽ ഉപയോഗിച്ചിട്ടുള്ള തരത്തിലുള്ള പോളിഷ് പൂശി വൃത്തിയാക്കുന്നതിനുള്ള നിരക്കാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്.
2. വാതിലുകൾക്കും ജനലുകൾക്കും ഒപ്പമുള്ള എയർവിൻഡോകൾ അവയുടെ ഫ്രെയിം, കമ്പി അഴികൾ എന്നിവ ഉൾപ്പെടെ പോളിഷ് ചെയ്യുന്നതിനുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്.
3. കട്ടിളകൾ ഉൾപ്പെടുന്ന വാതിലുകൾ, നാല് പാളി ജനൽ, രണ്ട് പാളി ജനൽ എന്നിവയുടെ നിരക്ക് പ്രത്യേകം പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ഓഫീസിൽ നിലവിലുള്ളതോ, ഓഫീസ് അധികാരികൾ നിർദ്ദേശിക്കുന്നതോ ആയ ഇനത്തിലുള്ളതും, നിറത്തിലുള്ളതുമായ പോളിഷിംഗ് വസ്തുക്കൾ ഉപയോഗിക്കണം.
4. ക്വട്ടേഷൻ അടങ്ങിയ കവറിനു പുറത്തു **"പോളിഷ് ജോലിക്കുള്ള ക്വട്ടേഷൻ"** എന്ന് എഴുതിയിരിക്കണം. അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, ആർഎആർഎസ് (എസ്ഇസഡ്), കോളേജ് ഓഫ് അഗ്രികൾച്ചർ, വെള്ളായണി പി.ഒ., തിരുവനന്തപുരം, പിൻ: **695 522** എന്ന വിലാസത്തിലാണ് ക്വട്ടേഷനുകൾ ലഭിക്കേണ്ടത്. ഏതെങ്കിലും തരത്തിൽ അപൂർണ്ണമോ അവ്യക്തമോ ആയ ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല. **2026 ജനുവരി 6 ന് ഉച്ചയ്ക്ക് 2 മണി വരെ ക്വട്ടേഷനുകൾ സ്വീകരിക്കും. വൈകി കിട്ടുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. അതേ ദിവസം ഉച്ചയ്ക്ക് 2.30 ന് ഹാജരാകുന്ന ക്വട്ടേഷണറുടേയോ അവരുടെ അംഗീകൃത പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും.**
5. ബാധകമായ നികുതികൾ, ഗതാഗതം, ലോഡിംഗ്, അൺലോഡിംഗ് ചാർജുകൾ മുതലായവ ഉൾപ്പെടുന്ന നിരക്കായിരിക്കണം ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. ജോലിക്ക് ആവശ്യമായ ഉപകരണങ്ങൾ, ഉയരത്തിലുള്ള ക്രമീകരണങ്ങൾ എന്നിവ എല്ലാംതന്നെ ക്വട്ടേഷൻ ലഭിക്കുന്നയാൾ സജ്ജീകരിക്കേണ്ടതാണ്. ക്വട്ടേഷൻ നിരക്ക് 2026 മാർച്ച് മാസം 31 വരെ സാധുവായിരിക്കണം
6. ഓഫീസ് അധികാരികൾക്ക് ഏതു ക്വട്ടേഷനും സ്വീകരിക്കാനോ നിരസിക്കാനുള്ള പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

7. വർക്ക് ഓർഡർ ലഭിച്ച തീയതി മുതൽ ഒരു ആഴ്ചയ്ക്കുള്ളിൽ പ്രവർത്തികൾ ആരംഭിക്കണം. വർക്ക് ഓർഡർ തിയ്യതി മുതൽ ഒരു മാസത്തിനകം ജോലികൾ പൂർത്തിയാക്കുകയും വേണം.

8. ക്വട്ടേഷനുകൾ സംബന്ധിച്ച എല്ലാ ഗവൺമെന്റ് ഉത്തരവുകളും ഇതിനും ബാധകമായിരിക്കും. ഈ ക്വട്ടേഷനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി ഓഫീസ് പ്രവർത്തന സമയത്തു ഈ ഓഫീസിൽ നേരിട്ട് അന്വേഷിക്കാവുന്നതാണ്.

ഒപ്പ്/-
മനോജ് കുമാർ.എ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിന് വേണ്ടി

പകർപ്പ് :

1. ഓഫീസ് നോട്ടീസ് ബോർഡ്
2. സർക്കുലേഷൻ
3. സെയിൽസ് കൗണ്ടർ, ഇൻസ്ട്രക്ഷണൽ ഫാം
4. പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡ്
5. കൃഷി ഭവൻ, കല്ലിയൂർ
6. കെ.എ.യു വെബ്സൈറ്റ്
7. ഡോ.ഗീതാരാധാകൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ആർ.എ.ആർ.എസ് (എസ്.ഇസഡ്)

Austin

സെക്ഷൻ ഓഫീസർ